കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1730/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 30/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1730/2017തീയതി: 30/10/2017

## കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18-01-2017 മുതൽ 31-08-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-09-2017 മുതൽ 23-09-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.സജികുമാർ | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്രീരാജ്.വി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബി.എസ്.സുജാത | 01-04-2016മുതൽ<br>31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.ജയദേവൻപിള്ള | 01-04-2016മുതൽ<br>31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷിഹാബുദ്ദീൻ | 01-04-2016മുതൽ<br>31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രദീപ്.കെ.എസ്സ് | 01-04-2016മുതൽ<br>31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്യാം സുന്ദർ | 01-04-2016മുതൽ<br>31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അരുൺചന്ദ്.എൻ.എസ്സ് | 01-04-2016മുതൽ<br>19-08-2016 വരെ |
| | ശ്രീമതി ഉഷാകുമാരി.പി.എസ്സ് | 20-08-2016മുതൽ<br>31-03-2017 വരെ |
| വി.ഇ.ഒ | ശ്രീ.രതീഷ്.ആർ | 01-04-2016മുതൽ |

| | | |
|---|---|---|
| | | 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എസ്.ഷൈനി | 01-04-2016 മുതൽ 12-07-2016 FNവരെ |
| | ശ്രീമതി.അല്ലി.എസ്സ് | 12-07-2016ANമുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അഭിലാഷ്.എം | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രമാദേവി.എ.ബി | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.വിപിൻ.എ | 01-04-2016മുതൽ 31-03-2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.വിനീതകുമാരി | 01-04-2016മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുരേഷ് | 01-04-2016മുതൽ 31-03-2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നത് - നടപടികളിലെ അപാകത | 2-1 |
| 13 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-2 |
| 14 | കെ.എസ്.ഇ.ബി. ഉപയോഗിക്കുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് വാടക നൽകുന്നില്ല. | 2-3 |
| 15 | കെട്ടിടനികുതി നിർണ്ണയം- അപാകതകൾ | 2-4 |
| 16 | ലേലനടപടികളിലെ അപാകതകൾ | 2-5 |

| | | |
|---|---|---|
| 17 | പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക ഈടാക്കുന്നത് - നടപടികളിലെ അപാകതകൾ | 2-6 |
| 18 | ഇ-ടെണ്ടർപ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ് | 2-7 |
| | ഭാഗം -3 | |
| 17 | പാൽ സബ്സിഡി-ക്ഷീരസംഘത്തിൽനിന്നും നൽകിയ പാലളവിലും കൂടുതൽ പാലിന് സബ്സിഡി നൽകി. | 3-1 |
| 18 | വികസനപ്രവർത്തനങ്ങൾക്കായി അനുവദിച്ചതുക സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിനാൽ വൻതുക നഷ്ടപ്പെട്ടു. | 3-2 |
| 19 | സിഡ്കോ നിർമ്മിക്കാത്ത കസേരകൾ ടെണ്ടർ ക്ഷണിക്കാതെ ടി സ്ഥാപനത്തിൽനിന്നും വാങ്ങി | 3-3 |
| 20 | മരുന്നുകൾക്ക് മുൻകൂറായി തുക ഒടുക്കിയെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. | 3-4 |
| 21 | അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ നിർവ്വഹണം പൂർത്തീകരിച്ചിട്ടില്ല- 1,00,252/- രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 22 | സാമൂഹ്യസുരക്ഷാമിഷൻതുകനല്കൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 23 | പട്ടികജാതികോളനികളിൽ സ്ട്രീറ്റ് ലൈറ്റ് (48/17)-ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല. | 3-7 |

| | | |
|---|---|---|
| 24 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിലുള്ള അപാകതകൾ | 3-8 |
| 25 | ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തുന്ന മരാമത്തു പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 3-9 |
| 26 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി -അവലോകനം | 3-10 |
| 27 | പദ്ധതിരൂപീകരണത്തിലുള്ള പോരായ്മകൾ | 3-11 |
| | ഭാഗം -4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനുനൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |

# ഭാഗം 1

## പൊതു അവലോകനം

**1-1** ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 18-03-2017 തീയതിയിലെ ഒന്നാംനമ്പർ

തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 <u>വാർഷികധനകാര്യപത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 22-06-2017 | തിരിച്ചയച്ചില്ല | - |

## 1-3 <u>വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 11-09-2017 | റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

1)ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-8-ൾ ഉൾപ്പെടുത്തിയിരിക്കുന്ന “ഡെപ്പോസിറ്റ് വർക്സ്-സിവിൽ വർക്സ്”-എന്ന ഇനത്തിലെ തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-8-ൾ ഉൾപ്പെടുത്തിയിരിക്കുന്ന പെൻഷൻ കോൺട്രിബ്യൂഷൻ, കേരള പഞ്ചായത്ത് രാജ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്,ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ ഹെഡുകളിൽ ലയബലിറ്റി ആയി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

3)സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിലെ നീക്കിബാക്കി തുകയാണ് ക്ലോസിംഗ് സ്റ്റോക്കായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

4)ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 51,22,604 |
| വരവ് | 3,78,52,880 |
| ആകെ | 4,29,75,484 |
| ചെലവ് | 3,69,11,859 |
| നീക്കിബാക്കി | 60,63,625 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 61,03,815 | 61,03,815 | 61,03,815 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 29,69,340 | 29,69,340 | 29,69,340 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 65,18,842 | 65,18,842 | 65,18,842 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 15,12,771 | 15,12,771 | 15,12,771 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 27,33,352 | 27,33,352 | 27,33,352 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3,22,476 | 3,22,476 | 3,22,476 | 0 | 100 |
| എം.എൻ.ആർ .ഇ.ജി.എസ്. | 674 | 11,79,928 | 11,80,602 | 11,72,475 | 8,127 | 93 |
| ബി ഫണ്ട് | 0 | 2,83,00,905 | 2,83,00,905 | 2,83,00,905 | 100 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ്‌വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 4,82,17,540 | 83 | 2,35,81,741 | 25 | 75 | 45 |

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 20 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 18,55,496 | 27,52,818 | 8,97,322 | 48 |
| നികുതിയേതര വരവുകൾ | 14,19,422 | 17,10,401 | 2,90,979 | 20 |
| മറ്റുവരവുകൾ | 53,08,544 | 58,68,114 | 5,59,570 | 10 |
| ആകെ | 85,83,462 | 1,03,31,333 | 17,47,871 | 20 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 3,32,160 | 196 |
| കർഷകതൊഴിലാളി പെൻഷൻ | 29,54,220 | 342 |
| വിധവാപെൻഷൻ | 85,70,460 | 783 |
| വാർദ്ധക്യകാലപെൻഷൻ | 1,35,29,815 | 1236 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 21,05,670 | 207 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 4,20,000 | 14 |
| 50 വയസ്സിൽ മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 3,88,580 | 38 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പുപ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-09-2017-ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,414/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1) നിർവ്വഹണ ഉദ്യോഗസ്ഥരുടെ രജിസ്റ്ററുകൾ, നിർവ്വഹണരേഖകൾ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷികധനകാര്യപത്രികയുടെ പരിശോധനയ്ക്കാവശ്യമായ രേഖകളെല്ലാം ഹാജരാക്കി.

2) ധനാഗമ-ധനവിനിയോഗം സംബന്ധിച്ചുള്ള ഉത്തരവ്-ജി.ഒ.(പി)177/2006 /12-04-06 ഖണ്ഡിക 18-3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ 7A കാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എം.ഒ-പി.എച്ച്.സി, എച്ച്.എം-ജി.യു.പി.എസ് എന്നിവർ റ്റി.ആർ 7A കാഷ്ബുക്കിൽ വരവ്-ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) തനത്ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാഹനത്തിന്റെ ലോഗ്ബുക്ക് സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-08-2017 | 07/2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-10-2012 മുതൽ 25-10-2012 വരെ | 2007-08 മുതൽ 2011-12 വരെ | 01-02-2013 |

## ഭാഗം-2

### വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നത് - നടപടികളിലെ അപാകത

1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം, പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും IIാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കുന്ന തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ നിശ്ചയിക്കാവുന്ന ഉയർന്നഫീസ് കണക്കാക്കുന്നത് ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഭൂരിഭാഗം അപേക്ഷകളിലും, ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തുകയോ, അപേക്ഷയെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ടിൽ, അന്വേഷണ ഉദ്യോഗസ്ഥൻ ദിവസേനയുള്ള ശരാശരി വിറ്റുവരവ് കണക്കാക്കി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽവിഷയം സംബന്ധിച്ച് 14/9/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.3ന് , ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളതെന്നും, ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നതിനും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ വിറ്റുവരവ് തുക ഉൾപ്പെടുത്തി ഫീസ് നിശ്ചയിക്കുന്നതിനും ശ്രദ്ധിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി.

ഡി&ഒ ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നതിനും

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ, ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് കണക്കാക്കി രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

2016-17 സാമ്പത്തികവർഷം ബി.എസ്.എൻ.എൽ,പട്ടാഴി എന്ന സ്ഥാപനം, സ്ഥാപനതൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല.

മേൽവിഷയം സംബന്ധിച്ച് 14/9/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.3-ന് ബി.എസ്.എൻ.എൽ,പട്ടാഴി മുൻവർഷങ്ങളിലും സ്ഥാപനതൊഴിൽനികുതി അടയ്ക്കുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ, 1996 അനുശാസിക്കുംപ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 കെ.എസ്.ഇ.ബി. ഉപയോഗിക്കുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് വാടക നൽകുന്നില്ല.

പഞ്ചായത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 11,12 നം. കടമുറികൾ കെ.എസ്.ഇ.ബി-യ്ക്ക് നൽകിയിട്ടുള്ളതായി വാടകരജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. കെ.എസ്.ഇ.ബിയ്ക്ക് ഏത് തീയതി മുതലാണ് പ്രസ്തുത കടമുറികളുടെ അവകാശം നൽകിയിട്ടുള്ളതെന്നോ, കെ.എസ്.ഇ.ബി. പ്രസ്തുത കടമുറികളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി കരാർ വച്ചിട്ടുണ്ടോ എന്നിവ വ്യക്തമല്ല. വാടകരജിസ്റ്റർ പരിശോധിച്ചതിൽ 2016-17 സാമ്പത്തികവർഷം കെ.എസ്.ഇ.ബി മേൽ പരാമർശിച്ച മുറികളുടെ വാടക പഞ്ചായത്തിന് നൽകിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് 20/9/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.8-ന് മറുപടി ലഭ്യമാക്കിയില്ല.

കെ.എസ്.ഇ.ബി-യെ പ്രസ്തുത കടമുറികളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി കരാർ വയ്ക്കുന്നതിനും, വാടക ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 കെട്ടിടനികുതിനിർണ്ണയം- അപാകതകൾ

(I) ശ്രീ.സജി വർഗ്ഗീസ്/ ബിൻസി, മേരി ജോൺ എന്നിവർ പട്ടാഴി പഞ്ചായത്ത്, വാർഡ് നം.IX, പണികഴിപ്പിച്ച വാണിജ്യകെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ

* കെട്ടിടത്തിന്റെ തരം :- 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം

* മേഖല :- പ്രഥമ മേഖല

* വഴിസൗകര്യം :- 5 മീറ്ററിൽ കൂടുതലുള്ള റോഡ്

* മേൽക്കൂര :- കോൺക്രീറ്റ്

* അടിസ്ഥാനനികുതി നിരക്ക് ഈടാക്കിയിരിക്കുന്നത് :- 30 രൂപ/ച.മീറ്റർ

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ ചുവടെപ്പറയുംപ്രകാരമാണ്

സെല്ലാർ ഫ്ലോർ - 27.74 സ്ക്വ.മീ.

ഗ്രൗണ്ട് ഫ്ലോർ - 192.16 സ്ക്വ.മീ

ഫസ്റ്റ് ഫ്ലോർ - 14.86 സ്ക്വ.മീ

ആകെ - 234.76 സ്ക്വ.മീ

കെട്ടിടനികുതി ഈടാക്കിയത്

| | |
|---|---|
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 207.02 സ്ക്വ.മീ.<br>(സെല്ലാർ ഫ്ലോർ ഏരിയ കണക്കാക്കിയിട്ടില്ല) |
| കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് | 30/- രൂപ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി | 207.02 സ്ക്വ.മീ. x 30<br>6,211 രൂപ |
| അടിസ്ഥാന വസ്തുനികുതിയിന്മേലുള്ള ഇളവ് | ഇല്ല |
| വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന(20%) | 1,242 രൂപ |

| | |
|---|---|
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി | 7,453/- രൂപ |
| ഗ്രന്ഥശാല വരി | 373 രൂപ |
| ആകെ | 7,826 രൂപ |

(1) പഞ്ചായത്തിൽ നിലവിലുള്ള അടിസ്ഥാന കെട്ടിടനികുതി നിരക്കുകൾപ്രകാരം, 200 സ്ക്വ.മീ. മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന കെട്ടിടനികുതി നിരക്ക് 80/- രൂപ/സ്ക്വ.മീറ്റർ ആണ്.

(2) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 2(എഫ്) പ്രകാരം, "തറവിസ്തീർണ്ണം" എന്നാൽ സെല്ലാർ നിലയിലുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനിലകെട്ടിടത്തിന്റെകാര്യത്തിൽ അതിന്റെ ഓരോ നിലയിലുള്ള അത്തരം തറനിരപ്പിന്റെ (ചുമർകനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ്ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്ന് അർത്ഥമാകുന്നു.കൂടാതെ ചട്ടം 3(4) പ്രകാരം,കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

മേൽ പരാമർശിച്ച അടിസ്ഥാന കെട്ടിടനികുതി നിരക്കിന്റെയും/ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരമായിരുന്നു കെട്ടിടനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.

ഈടാക്കേണ്ടിയിരുന്നത്

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 234.76 സ്ക്വ.മീ.<br>(സെല്ലാർ ഫ്ലോർ ഏരിയ ഉൾപ്പെടെ) |
| കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് | 80 രൂപ/സ്ക്വ.മീ. |

| | |
|---|---|
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി | 234.76 സ്ക്വ.മീ. x 80<br>18,781/-രൂപ |
| അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ് | ഇല്ല |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന(20%) | 3,756 രൂപ |
| കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി | 22,537 രൂപ |
| ഗ്രന്ഥശാല വരി | 1,127 രൂപ |
| ആകെ | 23,664 രൂപ |

വസ്തുനികുതി ഈടാക്കിയതിലെ വ്യത്യാസം - 15,837 രൂപ(23,664-7,827)

മേൽപരാമർശിച്ച അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് 20/9/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന്, പ്രസ്തുത കെട്ടിടത്തിന് PPIX/941 നമ്പർ നൽകി സ്ക്വ.മീ./30 രൂപ നിരക്കിൽ 207.02 സ്ക്വ.മീന്, 7,826/- രൂപ വസ്തുനികുതി ചുമത്തിയിരുന്നതായും, ടി കെട്ടിടത്തിന്റെ സെല്ലാർ ഭാഗത്തിന് 2017-18ൽ PPIX/971 കെട്ടിടനമ്പർ അനുവദിച്ച്, സ്ക്വ.മീ./ 30 രൂപ നിരക്കിൽ 1,070/- രൂപ വസ്തു നികുതി ചുമത്തിയിരുന്നതായും, PPIX/941 നമ്പർ കെട്ടിടത്തിന് ബാക്കി ഒടുക്കുവരുത്തേണ്ട തുകയായ 13,043/- രൂപയും, PPIX/971 നമ്പർ കെട്ടിടത്തിന് ബാക്കി ഒടുക്കുവരുത്തേണ്ട തുകയായ 1,728 രൂപയും ഒടുക്കുവരുത്തുന്നതിന് അപേക്ഷകന് നോട്ടീസ് നൽകി തുക ഈടാക്കി ഓഡിറ്റിന് ബോദ്ധ്യപ്പെടുത്തുന്നതാണെന്ന മറുപടി ലഭ്യമാക്കി. പ്രസ്തുത കെട്ടിടത്തിന്, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ, 2011, ചട്ടം 38, പട്ടിക 4Bയിൽ അനുശാസിക്കുന്ന മതിയായ പാർക്കിംഗ് സൗകര്യം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(II) ശ്രീ.അരവിന്ദാക്ഷൻ നായർ,പെരുർ വീട്,മരുതൺഭാഗം, പട്ടാഴി പഞ്ചായത്ത്, വാർഡ് നം.IX, പണികഴിപ്പിച്ച വാസഗൃഹത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>കെട്ടിടത്തിന്റെ അടിസ്ഥാനവിവരങ്ങൾ</u>

* കെട്ടിടത്തിന്റെ തരം :- വാസഗൃഹം

* മേഖല :- ദ്വതീയമേഖല

* അടിസ്ഥാന നികുതി നിരക്ക് ഈടാക്കിയിരിക്കുന്നത് :- 6 രൂപ/ ച.മീറ്റർ

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ ചുവടെപ്പറയും പ്രകാരമാണ്

സെല്ലാർ ഫ്ലോർ - 87.2 സ്ക്വ.മീ.

ഗ്രൗണ്ട് ഫ്ലോർ - 167.4 സ്ക്വ.മീ

ഫസ്റ്റ് ഫ്ലോർ - 16.52 സ്ക്വ.മീ

ആകെ - 271.12 സ്ക്വ.മീ

<u>കെട്ടിടനികുതി ഈടാക്കിയത്</u>

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 183.92 സ്ക്വ.മീ.<br>(സെല്ലാർ ഫ്ലോർഏരിയ കണക്കാക്കിയിട്ടില്ല) |
| കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് | 6 രൂപ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി | 183.92 സ്ക്വ.മീ. x 6<br>1,104 രൂപ |
| അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ്<br>(ദ്വതീയ മേഖല – 10%) | 110 രൂപ |
| വർദ്ധനവ് | ഇല്ല |
| കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി | 994 രൂപ |
| ഗ്രന്ഥശാല വരി | 50 രൂപ |

| | |
|---|---|
| ആകെ | 1,044 രൂപ |

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 2(എഫ്) പ്രകാരം, "തറവിസ്തീർണ്ണം" എന്നാൽ സെല്ലാർ നിലയിലുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ (ചുമർകനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ്ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്ന് അർത്ഥമാകുന്നു. കൂടാതെ ചട്ടം 3(4) പ്രകാരം, കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതുഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടി ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

മേൽ പരാമർശിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരമായിരുന്നു കെട്ടിട നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.

<u>ഈടാക്കേണ്ടത്</u>

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 271.12 സ്ക്വ.മീ.<br>(സെല്ലാർ ഫ്ലോർഏരിയ ഉൾപ്പെടെ) |
| കെട്ടിടത്തിന് ബാധകമായ അടിസ്ഥാനവസ്തുനികുതിനിരക്ക് | 6 രൂപ/സ്ക്വ.മീ. |
| കെട്ടിടത്തിന്റെ അടിസ്ഥാനവസ്തുനികുതി | 271.12 സ്ക്വ.മീ. x 6<br>1,626 രൂപ |
| അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള ഇളവ്<br>(ദ്വതീയ മേഖല (–) 10%) | 162/- രൂപ |
| വർദ്ധന | ഇല്ല |

| | |
|---|---|
| കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തുനികുതി | 1,464 രൂപ |
| ഗ്രന്ഥശാല വരി | 73 രൂപ |
| ആകെ | 1,537 രൂപ |

വസ്തുനികുതി ഈടാക്കിയതിലെ വ്യത്യാസം - 493 രൂപ.

മേൽ പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 20/9/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന്, റോഡ്നിരപ്പിൽ ഗ്രൗണ്ട്ഫ്ലോർ വരുന്നതിനുവേണ്ടി പില്ലറിൽമാത്രം കെട്ടിനിർമ്മിച്ചിട്ടുള്ളതാണെന്നും, ഉപയോഗ യോഗ്യമാക്കുന്നമുറയ്ക്ക് ആയതിന് നികുതി ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിലും, എൽ.എസ്.ജി.ഡി. ഓവർസീയറുടെ റിപ്പോർട്ടിലും, പ്രസ്തുത കെട്ടിടത്തിന് 87.2സ്ക്വ.മീ.സെല്ലാർ ഫ്ലോർ ഏരിയ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുശാസിക്കുംപ്രകാരം സെല്ലാർഫ്ലോർ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടി ചേർത്ത് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

(III)ശ്രീ.നന്ദകുമാർ.കെ.പിള്ള,പട്ടാഴി പഞ്ചായത്ത്, വാർഡ് നം.XIII, പണികഴിപ്പിച്ച വാസഗൃഹം/വാണിജ്യ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻപ്രകാരം പ്ലിന്ത് ഏരിയ ചുവടെ പറയും പ്രകാരമാണ്.

കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ നിലവിലുണ്ടായിരുന്നത്

58.33 സ്ക്വ.മീ./വാണിജ്യ കെട്ടിടം നം.PP-XIII/758 & 759

പുതുതായി നിർമ്മിച്ച വാസഗൃഹത്തിന്റെ പ്ലിന്ത് ഏരിയ

ഗ്രൗണ്ട് ഫ്ലോർ - 74.92 സ്ക്വ.മീ.

ഫസ്റ്റ് ഫ്ലോർ - 63.33 സ്ക്വ.മീ.

ആകെ - 138.25 സ്ക്വ.മീ.

മേൽ കെട്ടിടത്തിന് കെട്ടിടനികുതി ഈടാക്കിയിരിക്കുന്നത് ചുവടെപ്പറയും പ്രകാരമാണ്.

കെട്ടിട നികുതി ഈടാക്കിയത്

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 196.58 സ്ക്വ.മീ. |
| കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് | 6 രൂപ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി | 196.58 സ്ക്വ.മീ. x 6<br>1,179 രൂപ |
| അടിസ്ഥാന വസ്തു നികുതിയിൻമേലുള്ള ഇളവ് | ഇല്ല |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന(20%) | 236 രൂപ |
| കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തുനികുതി | 1,416 രൂപ |
| ഗ്രന്ഥശാല വരി | 71 രൂപ |
| ആകെ | 1,487 രൂപ |

നിലവിലുണ്ടായിരുന്ന വാണിജ്യകെട്ടിടത്തിന്(പ്ലിന്ത് ഏരിയ – 58.33സ്ക്വ.മീ.) വാസഗൃഹത്തോട്ടുചേർത്താണ് (പ്ലിന്ത് ഏരിയ – 138.25 സ്ക്വ.മീ.) നികുതി നിർണ്ണയിച്ചിരിക്കുന്നത് (ആകെ - 196.58 സ്ക്വ.മീ.)

മേൽപരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 20/9/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന്, പ്രസ്തുത കെട്ടിടത്തിന്റെ നിലവിലുണ്ടായിരുന്ന ഭാഗം 2008/09 കാലയളവിൽ അസസ്സ് ചെയ്തിട്ടുള്ളതും, PPII/758,759 നമ്പർനൽകി യഥാക്രമം 5,94,648 രൂപ വസ്തുനികുതി ചുമത്തിയിട്ടുള്ളതും, പുതിയതായി നിർമ്മിച്ച വാസഗൃഹത്തിന്റെ ആകെ തറവിസ്തീർണ്ണത്തിനോട്ടുകൂടി ടി കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം ഉൾപ്പെടുത്തി നികുതി ചുമത്തിയിരുന്നത്, വരുംവർഷങ്ങളിലെ നികുതിയിൽ ക്രമീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുശാസിക്കുംപ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ലേലനടപടികളിൽ കണ്ട അപാകതകൾ

(I) പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ 18-ാം നം. കടമുറിയുടെ 2016-17 സാമ്പത്തിക

വർഷത്തെ അവകാശം 30/3/16-ൽ നടന്ന ലേലത്തിൽ 5,100 രൂപ പ്രതിമാസവാടകയ്ക്ക് ശ്രീ.പ്രസന്നൻ, പ്രസന്നഭവനം, മീനം, പട്ടാഴി എന്ന വ്യക്തിക്ക് നൽകിയിരുന്നു. ലേലാവകാശം കിട്ടിയശേഷവും ടിയാൻ ഡെപ്പാസിറ്റ് തുക ഒടുക്കിയില്ല. തുടർന്ന് 14/7/16-ൽ പുനർലേലംനടത്തുകയും 4,100 രൂപ പ്രതിമാസവാടകയ്ക്ക് ശ്രീ.സന്തോഷ്കുമാർ, പരമേശ്വരവിലാസം, നടുത്തേരി എന്ന വ്യക്തിക്ക് പ്രസ്തുത കടമുറിയുടെ അവകാശം നൽകി (7/16 മുതൽ 3/17 വരെ)

(1) ലേലവ്യവസ്ഥ ക്രമ നം.7 പ്രകാരം, സോൾവൻസിയോ, ഡെപ്പോസിറ്റോ ഇല്ലാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഡെപ്പോസിറ്റ് തുക കെട്ടിവയ്ക്കാതെയാണ് ശ്രീ.പ്രസന്നനെ ലേലത്തിൽ പങ്കെടുപ്പിച്ചത്.

(2)ലേലവ്യവസ്ഥ ക്രമനം.10 പ്രകാരം, ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടൻ ലേലം കൊണ്ടയാൾ ലേല സംഖ്യ ഒന്നായി പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതും സ്ഥിരപ്പെടുത്തി അറിയിപ്പ ലഭിച്ച് 7 ദിവസത്തിനകം 200 രൂപയുടെ മുദ്രപ്പത്രത്തിൽ നിയമാനുസരണമുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിരതദ്രവ്യ സംഖ്യ പഞ്ചായത്തിൽ മുതൽക്കൂട്ടുന്നതും ലേലാവകാശം രണ്ടാം സ്ഥാനക്കാരന് നൽകുകയോ പുനർലേലം ചെയ്യുകയോ ചെയ്യുന്നതാണ്. ലേലാവകാശം കിട്ടിയ ശ്രീ.പ്രസന്നൻ ഡെപ്പോസിറ്റ് തുക ഒടുക്കുകയോ, 7 ദിവസത്തിനകം കരാർവയ്ക്കുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ, 30/3/16ൽ നടന്ന ലേലത്തിൽ രണ്ടാം സ്ഥാനക്കാരനായിരുന്ന ശ്രീ.ടി.എ.മോഹനൻ, മൊട്ടക്കുന്നിൽ പുത്തൻവീട് (പ്രതിമാസ വാടക - 5,000 രൂപ) എന്ന വ്യക്തിക്ക് നൽകാമായിരുന്നു.

മേൽ വിഷയം സംബന്ധിച്ച് 20/9/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന് , പ്രസ്തുത ലേലത്തിൽ രണ്ടാം സ്ഥാനക്കാരനായിരുന്ന ശ്രീ.ടി.എ.മോഹനൻ,മൊട്ടക്കുന്നിൽ പുത്തൻ വീട് (പ്രതിമാസ വാടക - 5,000 രൂപ) എന്ന വ്യക്തിക്ക് ടി കടമുറി ലേലം കൊള്ളാൻ അറിയിപ്പ് നൽകിയിയെങ്കിലും ടിയാൻ ആവശ്യപ്പെട്ടുവരാത്ത സാഹചര്യത്തിൽ പഞ്ചായത്ത് തീരുമാനപ്രകാരമാണ് പുനർലേലം നടത്തിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

(II)ലൈബ്രറി ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നം. കടമുറിയുടെ 2016-17സാമ്പത്തിക വർഷത്തെ അവകാശം 30/3/16ൽ നടന്ന ലേലത്തിൽ 7,000 രൂപ പ്രതിമാസവാടകയ്ക്ക് ശ്രീ.സുധീഷ്, മായാമന്ദിരം, മീനം, പട്ടാഴി എന്ന വ്യക്തിക്ക് നൽകിയിരുന്നു. ടി ലേലത്തിനായി ടിയാൻ 21,000 രൂപ ഡെപ്പോസിറ്റ് തുക

ഒടുക്കിയിരുന്നു. എന്നാൽ 28/7/16ൽ പുനർലേലം നടത്തുകയും 5,100/-രൂപ പ്രതിമാസ വാടകയ്ക്ക് ശ്രീ.സുധീർ, മായാമന്ദിരം, മീനംഎന്ന വ്യക്തിക്ക് പ്രസ്തുത കടമുറിയുടെ അവകാശം നൽകി.(7/16 മുതൽ 3/17 വരെ)

(1)ശ്രീ.സുധീഷ്, മായാമന്ദിരം, മീനം എന്ന വ്യക്തിക്ക് ലേലവകാശം നൽകിയശേഷം പുനർലേലം നടത്താനുള്ള സാഹചര്യം വ്യക്തമല്ല.

(2) ലേലവ്യവസ്ഥ ക്രമ നം.7 പ്രകാരം, സോൾവൻസിയോ, ഡെപ്പോസിറ്റോ ഇല്ലാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഡെപ്പോസിറ്റ് തുക കെട്ടിവയ്ക്കാതെയാണ് ശ്രീ.സുധീറിനെ പുനർലേലത്തിൽ പങ്കെടുപ്പിച്ചത്.

(3)പുനർലേലപ്രകാരം അവകാശംകിട്ടിയ ശ്രീ.സുധീർ നാളിതുവരെ ഡെപ്പോസിറ്റ് തുക ഒടുക്കുകയോ, കരാർവയ്ക്കുകയോ, പ്രതിമാസവാടക നൽകുകയോ ചെയ്യാതിരുന്നിട്ടും പുനർലേലം നടത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് 20/9/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന്, ടി കടമുറിയിൽ വൈദ്യുതികണക്ഷൻ ഇല്ലാത്തതിനാലും, ലേലതുക ഉയർന്നതിനാലും ടി കടമുറി ലേലത്തിലേറ്റത് നടത്തികൊണ്ടു പോകാനാവില്ലെന്ന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 13/7/16-ലെ പഞ്ചായത്തുകമ്മിറ്റി VI(2) തീരുമാനപ്രകാരമാണ് പുനർലേലം നടത്തിയതെന്നും, 23/8/17ലെ IV(9), 22/9/16ലെ VI(8), 5/10/16ലെ V(10) എന്നീ പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾപ്രകാരമാണ് പുനർലേലം നടത്താതിരുന്നതെന്നും, 2017-18-ൽ ടി കടമുറി ലേലത്തിനുനൽകി വാടക ഈടാക്കുന്നുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

(III) ലേലരജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ലേലരജിസ്റ്ററിൽ ലേലത്തിൽ പങ്കെടുത്ത വ്യക്തികളുടെ പേരുവിവരങ്ങളും നിരതദ്രവ്യം ഒടുക്കിയതിന്റെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

ലേലനടപടികളിലെ അപാകതകൾ ഒഴിവാക്കി ലേലം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക ഈടാക്കുന്നത് - നടപടികളിലെ അപാകതകൾ

(I) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ NSC Hall 1 A യുടെ അവകാശമുള്ള ശ്രീ.ഷാഫി.ഇടക്കലഞ്ഞൂർ ഹൗസ്,കന്നിമേൽ എന്ന വ്യക്തി 2016-17 വർഷത്തെ പ്രസ്തുത മുറിയുടെ വാടക (2,205x12 – 26,460 രൂപ) നാളിതുവരെ

ഒടുക്കവരുത്തിയിട്ടില്ല. ടി വാടക ഈടാക്കുന്നതിനോ, കടമുറി പുനർലേലംചെയ്യുന്നതിനോ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

(II) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ കടമുറികളുടെ 2016-17 സാമ്പത്തിക വർഷത്തെ അവകാശം ചുവടെപ്പറയുന്ന വ്യക്തികൾക്ക് നൽകിയിരുന്നുവെങ്കിലും ആയവർ നാളിതുവരെ പഞ്ചായത്തുമായി കരാർ വച്ചിട്ടില്ല.

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം | അവകാശമുള്ള വ്യക്തിയുടെ പേര് |
|---|---|---|
| 1 | NBS3 | ശ്രീ.പ്രദീപ്കുമാർ,പ്ലാവിള തെക്കേതിൽ,തെക്കേത്തേരി പി.ഒ. |
| 2 | RNPM | ശ്രീ.ഐ.ബഷീർ,നൗഫി നിവാസ് |

മേൽവിഷയം സംബന്ധിച്ച് 20/9/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.8ന്,ക്രമ നം.(I) പരാമർശിച്ച കടമുറിയുടെ വാടക ഈടാക്കുന്നതിന്, ആർ.ആർ.നടപടിക്ക് നോട്ടീസ് നൽകിയിട്ടുള്ളതായും, ടി കടമുറി 2017-18-ലേക്ക് ലേലത്തിനുനൽകി വാടക ഒടുക്കിയിട്ടുണ്ടെന്നും, ക്രമനം.2-ൽ പരാമർശിച്ച കടമുറികളുടെ കരാർ കണ്ടെത്തി ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിയുടെ വാടക കുടിശ്ശിക ഈടാക്കിയ വിവരം അറിയിക്കേണ്ടതും, കടമുറികളുമായി ബന്ധപ്പെട്ട കരാർ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-7 ഇ-ടെണ്ടർപ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്

ഇ – ടെണ്ടർപ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക പട്ടാഴി ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർക്രഡിറ്റ്ചെയ്തതിന്റെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 20-09-2017 ൽ നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 09) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ ഫോറവില, വാറ്റ് ഇനത്തിൽ ഈടാക്കി കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻതുകയും പട്ടാഴി ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകകൾ

സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാൽ സബ്സിഡി-ക്ഷീരസംഘത്തിൽനിന്നും നൽകിയ പാലളവിലും കൂടുതൽ പാലിന് സബ്സിഡി നൽകി

പ്രോജക്ട് നം-141/16-17-പാൽവില സബ്സിഡി എന്ന പദ്ധതിപ്രകാരം പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിൽ പാലളന്ന പട്ടാഴി പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയപ്പോൾ, ക്ഷീരസംഘങ്ങളിലെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി നൽകിയ പാലളവിലും കൂടുതൽ അളവിനുള്ള പാലിന് സബ്സിഡി നൽകിയിരിക്കുന്നു.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പദ്ധതിക്ക് വികസനഫണ്ടിൽനിന്നും (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ബിൽ നം-1/16-17-30/01/17 പ്രകാരം 1,50,000/-രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സംഘത്തിൽ പാലളക്കുന്ന അളവിന് ആനുപാതികമായി ലിറ്ററിന് 3/-രൂപ ക്രമത്തിൽ ആനുകൂല്യം നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ലിറ്ററിന് 1.82/-രൂപ ക്രമത്തിലാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ടി ക്രമത്തിൽ ആനുകൂല്യവിതരണം നടത്തിയപ്പോൾ പട്ടാഴി, പിടവൂർ എന്നീ ക്ഷീരസംഘങ്ങളിൽ പാലളന്ന ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിരിക്കുന്ന സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി നൽകിയ പാലളവിന്റെ അടിസ്ഥാനത്തിലല്ല.

| ക്രമ നം | ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | ക്ഷീരസംഘത്തിൽ നിന്നും ലഭ്യമാക്കിയ പാലളവ് (ലിറ്ററിൽ) | സബ്സിഡി അനുവദിച്ച പാലളവ് (ലിറ്ററിൽ) | അധികം നൽകിയ പാലളവ് (ലിറ്ററിൽ) | അധികം നൽകിയ തുക (1.82/-രൂപ നിരക്കിൽ) |
|---|---|---|---|---|---|---|
| 1 | പട്ടാഴി ക്ഷീരസംഘം- | ജാനകി അമ്മ കുന്നുവിള വീട് | 1086 | 1191 | 105 | 191 |

| | | | | | | |
|---|---|---|---|---|---|---|
| 2 | | ശശിധരൻ പിള്ള രതീഷ് ഭവൻ | 1132 | 1192 | 60 | 109 |
| 3 | | ബാബു കുടിയാട്ടുക്കുഴി | 1020 | 1090 | 70 | 127 |
| 4 | | അജി.വി.നായർ മാരായിക്കോട് | 131 | 252 | 121 | 220 |
| 5 | | ഇട്ടുക്കിള.ഒ എറമത്ത് വീട് | 1116 | 1201 | 85 | 155 |
| 6 | | ശ്രീധരൻപിള്ള ചെന്നർക്കര | 188 | 192 | 4 | 7 |
| 7 | Q63(D) | അമ്മിണി അനിൽഭവൻ | 568 | 671 | 103 | 187 |
| 8 | | വിജയമ്മ.എൽ ജാനകി മന്ദിരം | 576 | 637 | 61 | 109 |
| 9 | | ജോർജ്ജ് കുട്ടി അനുഭവൻ | 292 | 342 | 50 | 91 |
| 10 | | അജികുമാർ.ബി മുരുപ്പേൽ വീട് | 732 | 786 | 54 | 98 |
| 11 | | കരുണാകരൻ.ജി ചെട്ടിയഴികത്ത് | 2228 | 2328 | 100 | 182 |
| 12 | | രാധാകൃഷ്ണൻ നായർ,പുത്തൻ മന്ദിരത്തിൽ | 279 | 339 | 60 | 110 |

| | | | | | | |
|---|---|---|---|---|---|---|
| 13 | | വിജയൻ കുറ്റിയിൽ വീട് | 2290 | 2430 | 140 | 255 |
| 14 | | വാസുക്കുട്ടി കുഴിങ്കാലായിൽ വീട് | 1031 | 1081 | 50 | 91 |
| 15 | | ബിജു തോമസ് കാഞ്ഞിരവിള വീട് | 1984 | 2104 | 120 | 218 |
| 16 | | മണികുമാരൻ നായർ പത്മവിലാസം | 981 | 1011 | 30 | 55 |
| 17 | | ശിവദാസൻ | 39 | 45 | 6 | 11 |
| 18 | | ഗോപിനാഥൻ പിള്ള മണിലഴികത്ത് വീട് | 36 | 41 | 5 | 9 |
| 19 | പിടവൂർ ക്ഷീരസംഘം | അനിത തുണ്ടുവയൽ | 996 | 1024 | 28 | 51 |
| 20 | | ശശിധരൻനായർ രമ്യഭവൻ | 1389 | 1427 | 38 | 69 |
| 21 | | അനിൽപിഎം പാറനിൽക്കുംമൂകൾ | 728 | 748 | 20 | 36 |
| 22 | | വർഗ്ഗീസ്.റ്റി.എം തൈക്കൂട്ടത്തിൽ | 680 | 699 | 19 | 35 |
| 23 | | സുനിൽ ജോൺ പീറ്റർ,മിനിവില്ല | 1465 | 1506 | 41 | 75 |

| | | | | | | |
|---|---|---|---|---|---|---|
| 24 | | സതി.എസ് അഞ്ജു ഭവൻ | 1040 | 1069 | 29 | 53 |
| 25 | | സിന്ധു.സി തെങ്ങുംതോട്ടത്തിൽ | 976 | 1008 | 32 | 58 |
| 26 | | സിന്ധുമനോജ് മേല്ലൂട്ട് | 739 | 758 | 19 | 35 |
| 27 | | ജോൺകുട്ടി നിരപ്പിൽ വീട് | 689 | 708 | 19 | 35 |
| 28 | | സൂസൻസജ്ജ, തൈക്കൂട്ടത്തിൽ | 6096 | 6376 | 280 | 510 |
| 29 | | തുളസീധരൻ ചരിപ്പുറത്ത് വീട് | 1132 | 1163 | 31 | 56 |
| 30 | | ജോസഫ് ലിജോ ഭവൻ | 663 | 681 | 18 | 33 |
| 31 | | രാധാകൃഷ്ണൻ നായർ കൈലാസ് ഭവൻ | 608 | 625 | 17 | 31 |
| 32 | | സിന്ധു ശിവപ്രസാദ് വിശ്വചിത്ര | 88 | 167 | 79 | 144 |
| 33 | | തമ്പി കാനിശ്ശേരി | 512 | 585 | 73 | 133 |
| | | | | | 1966 | 3,580 |

അംഗീകൃത പാലളവിലും കൂടുതലായി ചെലവഴിച്ച 3,580/-രൂപ

ക്ഷീരകർഷകരിൽനിന്നും തിരികെ ഈടാക്കാത്തപക്ഷം ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെന്നനിലയിൽ ഡയറി ഫാം ഇൻസ്ട്രക്ടറിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-2 വികസനപ്രവർത്തനങ്ങൾക്കായി അനുവദിച്ചതുക സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിനാൽ വൻതുക നഷ്ടപ്പെട്ടു

സർക്കാർ ഉത്തരവ് (പി) 177/2016/ഫിൻ തീയതി 12-04-2006 പ്രകാരം ഒരോ വർഷത്തേയും സംസ്ഥാന ബജറ്റിൽ അംഗീകരിച്ച തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്നവിധത്തിൽ 10 തവണകളായി വർഷംതോറും നൽകിവന്നിരുന്നു. എന്നാൽ 21-03-2015ലെ ജി.ഒ(പി)119/2015/ഫിൻ അനുസരിച്ച് 2015-16വർഷം മുതൽ ബജറ്റിൽ അംഗീകരിച്ച തുക മൂന്ന് അലോട്ട്മെന്റുകളായി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുകകൾ സഞ്ചിത നിധിയിൽനിന്നും നേരിട്ട് ചെലവ് വൗച്ചറുകൾമുഖേന പിൻവലിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമൂലം വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നഷ്ടമാകുന്നു. എന്നാൽ വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സപ്ലിമെന്ററി ഡിമാന്റ്വഴി ട്രഷറി ഡയറക്ടർ നൽകുന്ന തുക പരിഗണിച്ച് ജൂലൈമാസത്തിൽ നൽകുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ ഈ തുക സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടില്ല.

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി തൻവർഷം അനുവദിച്ചുനല്കിയ 1,32,00,637/- ചെലവഴിക്കപ്പെട്ടിട്ടില്ല. 2016-17 സാമ്പത്തികവർഷത്തിൽ നഷ്ടമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലഭ്യമായ തുക (ബജറ്റ് അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുക) | ചെലവഴിച്ച തുക (വാർഷിക ധനകാര്യ പത്രിക പ്രകാരം) | ചെലവ് ശതമാനം | നഷ്ടം |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 79,61,893 | 61,03,815 | 77 | 18,58,078 |
| എസ്.സി.പി | 48,54,111 | 29,69,340 | 61 | 18,84,771 |

| | | | | |
|---|---|---|---|---|
| ലോകബാങ്ക് ധനസഹായം | 27,05,373 | 3,22,476 | 12 | 23,82,897 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 44,64,839 | 27,33,352 | 61 | 17,31,487 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 1,08,20,262 | 65,18,842 | 60 | 43,01,420 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 25,54,755 | 15,12,771 | 59 | 10,41,984 |
| ആകെ | 3,33,61,233 | 2,01,60,596 | 60.431 | 1,32,00,637 |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾമൂലമാണ് 1,32,00,637/-രൂപ ചെലവഴിക്കാൻ കഴിയാതെവന്നത്. മേൽ വിഷയത്തിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 സിഡ്കോ നിർമ്മിക്കാത്ത കസേരകൾ ടെണ്ടർ ക്ഷണിക്കാതെ ടി സ്ഥാപനത്തിൽ നിന്നുംവാങ്ങി

മൃഗാശുപത്രിയുടേയും അനുബന്ധസ്ഥാപനങ്ങളുടേയും ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ (പ്രോജക്ട് നം-68/16-17) എന്ന പദ്ധതിപ്രകാരം ഫർണീച്ചറുകൾ വാങ്ങിയപ്പോൾ സിഡ്കോ നിർമ്മിക്കാത്ത കസേരകൾ ടെണ്ടർ ക്ഷണിക്കാതെ ടി സ്ഥാപനത്തിൽനിന്നും വാങ്ങി.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ടെണ്ടർകൂടാതെ സാധനസാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ, ഗവ.അംഗീകൃത സ്ഥാപനങ്ങളടക്കം ചില സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ്വന്തമായി സാധനസാമഗ്രികൾ വാങ്ങാതെ മേൽപ്പറഞ്ഞ ചില സ്ഥാപനങ്ങൾ സ്വകാര്യസംരഭകരിൽനിന്ന് സാധനങ്ങൾ വാങ്ങിനൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് നം-68/16-17-പദ്ധതിക്കായി സംരക്ഷണ ഗ്രാന്റ് (റോഡിതരം)-ൽനിന്നും 68,571/-രൂപ ബിൽ നം

01/16-17/25-11-2016 പ്രകാരം പിൻവലിച്ച് സിഡ്കോയിൽനിന്നും ഫർണിച്ചർ പർച്ചേസ്ചെയ്തതിൽ നീൽകമൽ കമ്പനിയുടെ കസേരയും സിഡ്കോ വിതരണം നടത്തിയിരിക്കുന്നു.(ഇൻവോയ്സ് നം-SSE/KLM 0238/01-11-16)550 /-രൂപനിരക്കിൽ 34 എണ്ണം കസേരകൾ വിതരണം നടത്തിയതിനായി 18,700/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിനുവിരുദ്ധമായി ചെലവഴിച്ച 18,700/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 മരുന്നുകൾക്ക് മുൻകൂറായി തുക ഒടുക്കിയെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല

പ്രോജക്ട് നം-59/16-17-പാലിയേറ്റീവ് പരിചരണം,പ്രോജക്ട് നം-60/16-17,പി.എച്ച്.സി-യ്ക്ക് മെഡിസിൻവാങ്ങൽ എന്നീ പദ്ധതികൾപ്രകാരം മുൻകൂറായി തുകകൾ കേരള മെഡിക്കൽ സർവ്വീസ് കോപ്പറേറ്റീവ് ലിമിറ്റഡിൽ മരുന്നുകൾ വിതരണം ചെയ്യുന്നതിനായി ഒടുക്കിയെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം-59/16-17-പാലിയേറ്റീവ് പരിചരണം

മേൽസൂചിത പദ്ധതിക്കായി വികസനഫണ്ട് ജനറലിൽനിന്നും 20,000/-(ബിൽ നം-2/16-17/24-03-2017)രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,00,000/-രൂപയും (ചെക്ക് നം-1437645/30-03-2017) ഉൾപ്പെടെ ആകെ 3,20,000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകളൊന്നും തന്നെ KMSCL-ൽ നിന്നും ലഭിച്ചിട്ടില്ല.

2)പ്രോജക്ട് നം-60/16-17,പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി സംരക്ഷണ ഗ്രാന്റ്(റോഡിതരം)-ൽ നിന്നും 3,00,000/-രൂപ ബിൽ നം-3/16-17 /24-03-2017 പ്രകാരം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ടുള്ളതിൽ 1,16,550/-രൂപയുടെ മരുന്നുകൾമാത്രമാണ് KMSCL-ൽ നിന്നും ലഭിച്ചിട്ടുള്ളത്. ബാക്കി 1,83,450/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

3)പ്രോജക്ട് നം-59/16-17- പാലിയേറ്റീവ്പരിചരണംപ്രകാരം പാലിയേറ്റീവ് രോഗികൾക്ക് ഉപകരണങ്ങൾ വിതരണം നടത്തുന്നതിനായി വികസനഫണ്ടിൽനിന്നും 48,450/-രൂപയും (ബിൽ നം-5/16-17/31-03-17) ബ്ലോക്ക് പഞ്ചായത്തുവിഹിതം 50,000/-രൂപയും (ചെക്ക് നം-1437644/30-03-2017) ഉൾപ്പെടെ ആകെ 98,450/-രൂപ കെ.എം.എസ്.സി.എല്ലിൽ ഒടുക്കവരുത്തിയിട്ടുണ്ട്. എന്നാൽ 21,420/-രൂപയ്ക്കുള്ള ഉപകരണങ്ങൾ മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്.

മരുന്നുകൾക്കും പാലിയേറ്റീവ് ഉപകരണങ്ങൾക്കുമായി ആകെ ചെലവഴിച്ച 7,18,450/-രൂപയിൽ 5,03,450/-രൂപയുടെ മരുന്നുകളും 77,030/- രൂപയുടെ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. ആയതിനാൽ ടി ചെലവ് 5,80,480/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ നിർവ്വഹണം പൂർത്തീകരിച്ചിട്ടില്ല - 1,00,252/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ അവാർഡ് 1,00,000/-രൂപയും (ബിൽ നമ്പർ 16 16-17 തീ 14-03-2017) തനതുഫണ്ടിൽനിന്ന് 252 രൂപയും ഉൾപ്പെടെ 1,00,252 രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി. താഴെക്കൊടുത്തിട്ടുള്ള അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിനാണ് തുക ഒടുക്കുവരുത്തിയിട്ടുള്ളത്.

| ക്രമ നം | അംഗനവാടി | തുക |
|---|---|---|
| 1 | അംഗനവാടി നം 68 കന്നിമേൽ | 13,497 |
| 2 | അംഗനവാടി നം 84 മരുതൂമൺ | 17,387 |
| 3 | അംഗനവാടി നം85 താഴത്തുവടക്ക് | 7,298 |
| 4 | അംഗനവാടി നം90 നടുത്തേരി | 12,217 |
| 5 | അംഗനവാടി നം92 ഏറത്തുവടക്ക് | 6,324 |
| 6 | അംഗനവാടി നം93 മീനം | 14,388 |
| 7 | അംഗനവാടി നം94 മീനം | 7,097 |
| 8 | അംഗനവാടി നം97 പന്തപ്ലാവ് | 6,708 |
| 9 | അംഗനവാടി നം100 പുലിവിള | 8,628 |
| 10 | അംഗനവാടി നം 101 മൈലാടും പാറ | 6,708 |
| | ആകെ | 1,00,252 |

ടി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള 1,00,252/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 സാമൂഹ്യ സുരക്ഷാമിഷന് തുക നല്കൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ സുരക്ഷാമിഷന് തുക നല്കൽ (189/17) എന്ന പ്രോജക്ടിനായി ബിൽ നമ്പർ 17/16-17 തീയതി 14-03-2017 പ്രകാരം വികസനഫണ്ടിൽ നിന്നും 1,00,000/-രൂപ പിൻവലിച്ച് സാമൂഹ്യസുരക്ഷാമിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ ഒടുക്കുവരുത്തി. ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി 1,00,000 രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് (48/17)ടെണ്ടർനടപടികൾ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി. സെക്രട്ടറി

അടങ്കൽ തുക- 1,69,000/-രൂപ ( വികസന ഫണ്ട്-എസ്.സി.പി)

ബിൽ നമ്പർ- 17 /16-17, തീയതി 31-03-2017

ബിൽ തുക- 41,340 രൂപ

പട്ടികജാതികോളനികളിൽ എൽ.ഇ.ഡി സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചതിൽ 3 ടെണ്ടറുകൾ ലഭിച്ചു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് കൊച്ചുമേലതിൽ ഏജൻസീസ് എന്ന സ്ഥാപനമാണ് (15 വാട്ട്സ് Aimya -1,375 രൂപ). എന്നാൽ പഞ്ചായത്തുകമ്മറ്റിയുടെ 15-03-2017 ലെ 1 സ(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ള ടെണ്ടർ ശ്രീ ആർ. ശ്രീനാഥ് എന്ന വ്യക്തിയുടെ ടെണ്ടറാണ്. (15 വാട്ട്സ് Luker Brand -1,590 രൂപ). കമ്മറ്റിയുടെ മിനിട്ട്സിൽ ശ്രീ.ആർ.ശ്രീനാഥ് M/sആർ.പി.ഇ& കമ്പനി എന്ന സ്ഥാപനത്തിന്റെ കുറഞ്ഞനിരക്കിലുള്ള Luker Brand -1,590 രൂപയുടെ എൽ.ഇ.ഡി ലൈറ്റിനുള്ള ടെൻഡർ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശകൂടി പരിഗണിച്ച് അംഗീകരിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ടെൻഡർ അംഗീകരിക്കാതിരുന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കൊച്ചുമേലേതിൽ ഏജൻസീസിന്റെ 1,375/-രൂപ ക്രമത്തിലുള്ള ഉപകരണങ്ങൾ ഗുണമേന്മകുറഞ്ഞതാണെന്ന് ബോധ്യപ്പെട്ടതിനാലാണ് ഗുണമേന്മ ഉറപ്പാക്കികൊണ്ട് Luker Brand-ന്റെ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് മറുപടി നൽകി. സ്ഥാപനത്തിന് സാമ്പത്തികനഷ്ടം വരുത്തുന്ന ഇത്തരം അപാകതകൾ

ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിലുള്ള അപാകതകൾ

2016-17 സാമ്പത്തികവർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1)പ്രോജക്ട് നം-95/16-17-വീട് പുനരുദ്ധാരണം(ജനറൽ)

ചെലവ്തുക -11,20,000/-(5,50,000/-
(വികസനഫണ്ട് -ജനറൽ),5,70,000/-
(ധനകാര്യക്കമ്മീഷൻ ഗ്രാന്റ്))

പ്രോജക്ട്നം-136/16-17-വീട് പുനരുദ്ധാരണം(വൃദ്ധർ-വികലാംഗർ)

ചെലവ് തുക-2,70,000/-(ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)

12 വർഷം കാലപ്പഴക്കമുള്ള വീടുകളും തദ്ദേശസ്വയംഭരണസ്ഥാപനം നിർമ്മിച്ച് നൽകിയ 8 വർഷം പഴക്കമുള്ളവ മാത്രമേ പുനരുദ്ധാരണത്തിന് സബ്സിഡി നൽകാൻ യഥാക്രമം ജി.ഒ(എം.എസ്) 4/2016/ത.സ്വ.ഭ.വ-തീയതി-11-01-2016, ജി.ഒ(ആർ.ടി)161/17 ത.സ്വ.ഭ.വ-തീയതി 19-01-2017 എന്നിവപ്രകാരം അനുമതി നൽകിയിട്ടുള്ളൂ.

20,000/രൂപ ക്രമത്തിൽ ഭവനപുനരുദ്ധാരണത്തിനായി ആനുകൂല്യം നൽകിയ പദ്ധതികളിൽ പുനരുദ്ധാരണം നടത്തിയ എല്ലാ വീടുകളുടേയും കാലപ്പഴക്കം സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നം-95/16-17 പ്രകാരം ആകെ 63 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ 15 ഓളം വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച രേഖകൾമാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ട് നം-136/16-17 പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വീടിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

2)പ്രോജക്ട് നം-96/16-17,കുടിവെള്ള കിണർ നിർമ്മാണം

ചെലവ്-3,60,000/-(ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)

പുതിയ കിണർ നിർമ്മിക്കുമ്പോൾ പാലിക്കേണ്ടിയിരുന്ന മാനദണ്ഡങ്ങൾ ജി.ഒ(എം.എസ്) 4/2016/ത.സ്വ.ഭ.വ-തീയതി-11-01-2016 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നതിൽ ചുവടെ സൂചിപ്പിക്കുന്ന രേഖകൾ പദ്ധതിനിർവ്വഹണ രേഖകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

a) മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമാണ് പദ്ധതിആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ തൻവർഷം 15,000/-രൂപ ക്രമത്തിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് മുൻവർഷം ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

b)കിണർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തുന്ന മരാമത്തുപ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

2016-17 സാമ്പത്തികവർഷത്തിൽ നടത്തിയിട്ടുള്ള മിക്ക മരാമത്തുപ്രവൃത്തികളും ഗുണഭോക്തൃസമിതിവഴിയാണ് നിർവ്വഹണംനടത്തിയിട്ടുള്ളത്. ടി പ്രവൃത്തികളിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ രേഖയിലെ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് ( പൊതുമരാമത്തു പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ 13 വകുപ്പിൽ ഗുണഭോക്തൃസമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ മിക്ക നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

എ)പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃസമിതി ചെയർമാന്റേയും കൺവീനറുടേയുംപേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽകൂടി മാത്രമേ നടത്താൻ പാടുള്ളൂ. എന്നാൽ മിക്ക പ്രവൃത്തികളിലും ഇപ്രകാരം ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ബി) മിക്ക ഗുണഭോക്തൃസമിതികളുടേയും പ്രവർത്തനം രൂപീകരണയോഗത്തിൽ അവസാനിക്കുന്നു.

സി)ഫൈനൽ ബില്ല് ലഭിച്ചതിനുശേഷം ഗുണഭോക്താക്കളുടെ യോഗം ചേർന്ന് വരവ്- ചെലവ് കണക്കുകൾ അവതരിപ്പിക്കണം. ആവശ്യമായ വിശദീകരണങ്ങൾ നല്കണം. കമ്മറ്റി പിരിച്ചുവിട്ട് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കണം.

സുതാര്യമായും,ബിനാമി ഇടപാടുകൾക്ക് ഇടവരുത്താതെയും നിർവ്വഹണം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തുന്ന എല്ലാ മരാമത്തുപ്രവൃത്തികളിലും കൃത്യമായി പാലിക്കപ്പെടേണ്ടതാണ്.

## 3-10 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി -അവലോകനം

2016-17 സാമ്പത്തികവർഷത്തിൽ തൊഴിലുറപ്പുപദ്ധതിയിൽ സാധനവേതനഘടകം ഉൾപ്പെടുത്തികൊണ്ടുള്ള പ്രവർത്തികൾ നടപ്പാക്കിയിട്ടില്ല. തൻവർഷം ആകെ 209 ലേബർ പ്രവൃത്തികൾ രൂപീകരിച്ചതിൽ 183 പ്രവൃത്തികൾ നടപ്പിലാക്കി. ജലസംരക്ഷണ പ്രവൃത്തികൾ, മഴക്കുഴിനിർമ്മാണം, കയ്യാലനിർമ്മാണം, തോടുസംരക്ഷണം, തരിശുനിലം വാസയോഗ്യമാക്കൽ, പച്ചക്കറികൃഷിക്കു നിലംഒരുക്കൽ എന്നീ പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. 2,31,25,051/- രൂപ വരവുവന്നതിൽ ഭരണചെലവുകളുൾപ്പെടെ ആകെ 2,31,16,924/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 3-11 പദ്ധതി രൂപീകരണത്തിലുള്ള പോരായ്മകൾ

2016-17 സാമ്പത്തികവർഷത്തിലേക്ക് രൂപീകരിച്ച പദ്ധതി രൂപീകരണമാർഗ്ഗരേഖ-സർക്കാർ ഉത്തരവ് (എം.എസ്സ്) 4/2016.ത.സ്വ.ഭ.വ-/11-01-2016- പ്രകാരം ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിത്തന്നെയാണ് പ്രോജക്ട് തയ്യാറാക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും പ്രോജക്ടിൽ ചെലവിനങ്ങൾ നിശ്ചയിച്ചിട്ടുള്ളത് ഔചിത്യപൂർണ്ണമാണെന്നും പ്രവർത്തനങ്ങളുടെ ഘട്ടനിർണ്ണയം ന്യായമാണെന്നും ഉറപ്പുവരുത്തേണ്ടത് പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റേയും അനുമതി നൽകുന്ന ഉദ്യോഗസ്ഥന്റേയും ബാധ്യതയാണ്. എന്നാൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ടി നടപടിക്രമം പാലിച്ചിട്ടില്ല. പ്രോജക്ട് നം-75/16-17 സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയിൽ ഇനങ്ങളുടെ വിലനിർണ്ണയം നടത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല. ജൈവവളത്തിന് കി.ഗ്രാമിന് 1/-രൂപ നിരക്കിൽ നിർണ്ണയിച്ച് ആകെ 95,000 കി.ഗ്രാം വളം വാങ്ങുന്ന പ്രോജക്ടിന് അർഹതപ്പെട്ട സബ്സിഡി ആകെ വിലയുടെ 75% ആണ്. 95,000 കി.ഗ്രാം ജൈവവളത്തിന് ചെലവാകുന്ന ആകെ തുക 95,000/- രൂപ എന്നതിനുപകരം 1,33,000/-രൂപ ആകെ വിലയും അനുവദിക്കാവുന്ന സബ്സിഡി 95,000/-രൂപയും എന്നാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടി വിവരം അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/16-07-2017) ജൈവവളത്തിന് ആകെ 1.4/-രൂപ നിരക്കിൽ കണക്കാക്കിയത് മൂലമാണ് 1,33,000/-രൂപ വളത്തിന് അടങ്കൽ വില വകയിരുത്തിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

പ്രോജക്ട് രൂപീകരിക്കുമ്പോൾ പദ്ധതി രൂപീകരണമാർഗ്ഗരേഖപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 57,000/- | നെൽകൃഷി വികസനം (ജനറൽ) | 57,000/- | ഇല്ല |
| | | 5,580/- | നെൽകൃഷി വികസനം (എസ്.സി.പി) | 5,580/- | ഇല്ല |
| | | 50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 50,000/- | ഇല്ല |
| | | 3,00,000/- | കന്നിമേൽ 68-ാം നമ്പർ അങ്കണവാടി പുതിയ കെട്ടിട നിർമ്മാണം | 3,00,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള | 50,000/- | ഇല്ല |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് | | |
| | 3,50,000/- | പാലിയേറ്റീവ് കെയർ | 3,50,000/- | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനുനൽകിയ തുകയുടെ വിവരങ്ങൾ

അംഗനവാടികൾക്ക് വാട്ടർ കണ്ക്ഷൻ എന്ന പദ്ധതിപ്രകാരം 1,00,252/- രൂപ ബിൽ നം.16/16-17/14.03.17 പ്രകാരം വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വിനിയോഗവിവരം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ്/ബാലൻസ് വിശദാംശങ്ങൾ ലഭ്യമല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ്വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ്വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെകൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവനപദ്ധതി | സ.ഉ(സാ.ധ) 582/2010 /ത.സ്വ.ഭ.വ -തീയതി 17-02-2010 | 1,03,33,500/- | 21,03,157/- | 5,00,000/- | | 16,03,157 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,163/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3(5) | 1,163/- | സുലത ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11601100275/ 22-04-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,78,52,880 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,69,11,859 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,580/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,99,432 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 3,580 | ശ്രീ.എൻ.സുരേഷ്<br>ഡയറി ഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 18,700 | ഡോ.ശ്യാം സുന്ദർ |
| 3-4 | 5,80,480 | ഡോ.വിപിൻ.എ |
| 3-5 | 1,00,252 | ശ്രീ.ജയദേവൻപിള്ള<br>സെക്രട്ടറി |
| 3-6 | 1,00,000 | ശ്രീ.ജയദേവൻപിള്ള<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ്<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ യൂണിറ്റ്<br>പത്തനാപുരം | ശ്രീനിലയം<br>നെടുമൺകാവ് |

| | | |
|---|---|---|
| | | കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-1993 | എൽ.എഫ്.ക്യൂ-പി5/1223 /93/09.05.1996 | |
| 1997-1998 | എൽ.എഫ്.ക്യൂ-പി5 /1389(1)2014/ 24.6.2014 | 44 |
| 1998-1999 | എൽ.എഫ്.ക്യൂ-പി5 /1389(2)2014/ 24.6.2014 | 6 |
| 2001-2002 | എൽ.എഫ്.ക്യൂ-പി5 /1389(5)2014/ 24.6.2014 | 8 |
| 2002-2003 | എൽ.എഫ്.ക്യൂ-പി5 /1389(6)2014/ 24.6.2014 | 3 |
| 2003-2004 | എൽ.എഫ്.ക്യൂ-പി5 /1389(6)2014/ 24.6.2014 | |
| 2004-2005 | എൽ.എഫ്.ക്യൂ-പി5/1389(7)2014/ 24.6.2014 | 12 |
| 2005-2006 | എൽ.എഫ്.ക്യൂ-പി5 /1389(8)2014/ 24.6.2014 | 16 |
| 2006-2007 | എൽ.എഫ്.ക്യൂ-പി5 /1389(9)2014/ 24.6.2014 | 16 |
| 2007-2008 | എൽ.എഫ്.ക്യൂ-പി5 /1389(10)2014/ 24.6.2014 | 20 |
| 2008-2009 | എൽ.എഫ്.ക്യൂ-പി5 /1389(11)2014/ 24.6.2014 | 9 |

| | | |
|---|---|---|
| 2009-2010 & 2010-2011 | എൽ.എഫ്.ക്യ-പി5 /1389(12)2014/ 24.6.2014 | 41 |
| 2011-2012 | എൽ.എഫ്.ക്യ-പി5 /1475/13/ തീ.12.11.13/9.12.13 | |
| 2012-2013 & 2013-14 | എൽ.എഫ്.ക്യ-പി5 /1091/2015/ തീയതി.04.08.2015 | |
| 2014-15 | കെ.എസ്.എ-കെ.എൽ.എം- പി4-1160/16 തീയതി 28/07/2016 | |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി-5/216 /17-14-02-2017 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10**

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1730/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –30.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.